"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- വിലങ്ങാട് ഉരുൾപ്പൊട്ടൽ മേഖലയിൽ ലിഡാർ സർവ്വെ നടത്തിയ ഡ്രോൺ ഇമേജിനേഷൻ പ്രൈവറ്റ് ലിമിറ്റഡിനും, ഡാറ്റ വിശകലനം ചെയ്ത് Meso- Scale Landslide Susceptibility mapping പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിനായി എൻഐടി കാലിക്കറ്റിനും തുക അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.24/2025/DMD തീയതി,തിരുവനന്തപുരം, 13-01-2025

---

പരാമർശം:- കോഴിക്കോട് ജില്ലാകളക്ടറുടെ 25/11/2024, 30/11/2024 ലെ DCKKD/ 9387/2024-F4 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

വിലങ്ങാട് ഉരുൾപ്പൊട്ടൽ മേഖലയിൽ ലിഡാർ സർവ്വെ നടത്തി M/s Dronimagination Pvt. Ltd. സമർപ്പിച്ച ഡാറ്റ വിശകലനം ചെയ്ത് Meso- Scale Landslide Susceptibility mapping പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിനായി എൻ ഐ ടി കാലിക്കറ്റ് 26,25,500/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും, വിലങ്ങാട് ലിഡാർ സർവ്വേ നടത്തിയ ഡ്രോൺ ഇമേജിനേഷൻ പ്രൈവറ്റ് ലിമിറ്റഡിന് അനുവദിക്കേണ്ട തുകയും, വിലങ്ങാട് ഉരുൾപൊട്ടൽ മേഖലയിൽ 7.94 സ്കയർ കിലോമീറ്റർ അധികമായി ലിഡാർ സർവ്വേ നടത്തിയ ഇനത്തിൽ ഡ്രോൺ ഇമേജിനേഷൻ പ്രൈവറ്റ് ലിമിറ്റഡ് അനുവദിക്കേണ്ട 1,42,920/- രൂപയും അനുവദിക്കേണ്ടതായിട്ടുണ്ടെന്നും, വിലങ്ങാട് ലിഡാർ സർവ്വേ നടത്തിയ ഡ്രോൺ ഇമേജിനേഷൻ പ്രൈവറ്റ് ലിമിറ്റഡിന് 7,08,000/- രൂപ (ഏഴ് ലക്ഷത്തി എണ്ണായിരം രൂപ മാത്രം) ആദ്യ ഗഡു തുകയായി സംസ്ഥാന ദുരന്തപ്രതികരണനിധിയുടെ 2245-02-101-94-01 Flood other items എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നല്കിയിട്ടുണ്ടെന്നും കോഴിക്കോട് ജില്ലാകളക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിലങ്ങാട് ഉരുൾപ്പൊട്ടൽ മേഖലയിൽ ലിഡാർ സർവ്വെ നടത്തി M/s Dronimagination Pvt. Ltd. സമർപ്പിച്ച ഡാറ്റ വിശകലനം ചെയ്ത് Meso- Scale Landslide Susceptibility mapping പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിനായി എൻഐടി കാലിക്കറ്റിന് അനുവദിക്കേണ്ട തുക അനുവദിക്കുന്നതിനായി 26,25,500/- രൂപയും, വിലങ്ങാട് ലിഡാർ സർവ്വേ നടത്തിയ ഡ്രോൺ ഇമേജിനേഷൻ പ്രൈവറ്റ് ലിമിറ്റഡിന് അനുവദിക്കേണ്ട (ഹെക്ടറിന് 1000/- രൂപ ക്രമത്തിൽ 2000 Hector (20 Sq.kl) ജിഎസ്.റ്റി (18%) ഉൾപ്പടെ) 25,02,920/- (23,60,000 + 1,42,920/ -) രൂപയിൽ അഡ്വാൻസ് ആയി അനുവദിച്ച 7,08,000/- രൂപ കിഴിച്ച് 17,94,920/- രൂപയും ചേർത്ത് ആകെ 44,20,420/- രൂപ (നാല്പത്തിനാല് ലക്ഷത്തി ഇരുപതിനായിരത്തി നാനൂറ്റി ഇരുപത് രൂപ മാത്രം) സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെ (SDMF) 2245-07-101-98 NV SDMF- Non Structural Mitigation എന്ന ശീർഷകത്തിൽ നിന്ന് കോഴിക്കോട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക

വിനിയോഗിക്കേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 13-01-2025 16:29:55**

സെക്ഷൻ ഓഫീസർ